# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 527

11.12.2012 ൽ മറുപടിയ്ക്ക്

## സഹകരണ റിസ്ക് ഫണ്ട്

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി കെ. കെ. ലതിക | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) സഹകരണ സ്ഥാപനത്തിൽ നിന്നും വായ്പയെടുത്ത് റിസ്ക് ഫണ്ട് വിഹിതം അടച്ച വായ്പക്കാരന് പ്രായപരിധി പരിഗണിക്കാതെ റിസ്ക് ഫണ്ട് ആനുകൂല്യം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (എ) മരണപ്പെട്ട ആളിന്റെ പേരിലുള്ളതും വായ്പാ കാലാവധി കഴിഞ്ഞതും/കഴിയാത്തതും 70 വയസ്സ് തികയുന്നതിന് മുമ്പ് തിരിച്ചടവ് കാലാവധി തീരുന്നതുമായ വായ്പകൾക്ക് മാത്രമാണ് നിലവിൽ റിസ്ക് ഫണ്ട് ആനുകൂല്യത്തിന് അർഹതയുള്ളത്. പ്രായപരിധി പരിഗണിക്കാതെ റിസ്ക് ഫണ്ട് ആനുകൂല്യം നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| ബി) റിസ്ക് ഫണ്ട് പദ്ധതിയിൽ നിന്നും ആനുകൂല്യം ലഭിക്കുന്നതിനുള്ള പരിഷ്കരിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ? | (ബി) സർക്കാരിന്റെ 30.03.2012 ലെ സ.ഉ (കൈ) നം. 42/2012/സഹ നമ്പർ ഉത്തരവ് പ്രകാരം റിസ്ക് ഫണ്ട് നിയമാവലി പരിഷ്കരിച്ചിട്ടുണ്ട്. ഇപ്രകാരം പരിഷ്കരിച്ച് മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br>1. മരണപ്പെട്ടവരുടെ പേരിലുള്ളതും എഴുതിത്തള്ളുന്നതുമായ തുക ഒരു ലക്ഷം രൂപയും അതിന്റെ പലിശയും എന്നത് ഒന്നര ലക്ഷം രൂപയും അതിന്റെ പലിശയുമായി വർദ്ധിപ്പിച്ചു.<br>2. വായ്പ എടുത്ത ശേഷം വായ്പക്കാരന് മാരക രോഗം പിടിപ്പെടുകയും വായ്പാ ബാധ്യതകൾ തീർക്കാൻ കഴിയാതെ വരികയും ചെയ്യുന്ന കേസുകളിൽ വായ്പാ മുതലിനത്തിൽ പരമാവധി 75,000/- രൂപയും ആയതിന്റെ പലിശയും റിസ്ക് ഫണ്ട് പദ്ധതിയിലെ നിബന്ധനകൾക്ക് വിധേയമായി |

നൽകുന്നതാണ്.

3. മരണപ്പെട്ട ആളിന്റെ പേരിലുള്ളതും വായ്പാക്കാരന്റെ 65 വയസ്സ് തികയുന്നതിന് മുൻപ് തിരിച്ചടവ് കാലാവധി തീരുന്നതുമായ വായ്പകൾക്ക് മാത്രമാണ് മുമ്പ് റിസ്ക് ഫണ്ട് ആനുകൂല്യത്തിന് അർഹതയുണ്ടായിരുന്നത്. 30.03.2012 ലെ സർക്കാർ ഉത്തരവ് പ്രകാരം പ്രായപരിധി 70 വയസ്സാക്കി ഉയർത്തിയിട്ടുണ്ട്.

4. വായ്പാ തുകയുടെ 0.2 ശതമാനം നിരക്കിൽ പരമാവധി 250/- രൂപയും ഒറ്റത്തവണ പ്രീമിയമായി അടയ്ക്കണമെന്നത്, വായ്പയുടെ 0.25 ശതമാനം എന്ന നിരക്കിൽ കുറഞ്ഞത് 50 രൂപയും പരമാവധി 375/- രൂപയും ഒറ്റത്തവണ പ്രീമിയമായി അടയ്ക്കണമെന്ന് ഭേദഗതി വരുത്തി.

5. റിസ്ക് ഫണ്ട് പദ്ധതി പ്രകാരം അപേക്ഷ സഹകരണ സ്ഥാപനത്തിൽ നിന്നും റിസ്ക് ഫണ്ട് പദ്ധതി നടപ്പിലാക്കുന്ന കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിന് നൽകണമെന്ന വ്യവസ്ഥ ഭേദഗതി ചെയ്ത് അപേക്ഷ ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ന്റെ ശുപാർശയോടെ കേരള സഹകരണ വികസന ക്ഷേമ നിധി ബോർഡിലേയ്ക്ക് അയ്ക്കണമെന്ന വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്.

(signature)

സെക്ഷൻ ഓഫീസർ